**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3161** **04-08-2021 - ൽ മറുപടിയ്ക്ക്**

**മുസ്ലീം ന്യൂനപക്ഷങ്ങളുടെ സാമൂഹ്യനീതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2006-11 സർക്കാരിന്റെ കാലത്ത് മുസ്ലീം ന്യൂനപക്ഷങ്ങളുടെ സാമൂഹ്യനീതിയും സച്ചാർ കമ്മിറ്റിയും സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ കമ്മിറ്റിയെ നിയോഗിച്ചിരുന്നുവോ; | (എ) | അന്നത്തെ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയായിരുന്ന ശ്രീ. പാലൊളി മുഹമ്മദ് കുട്ടി ചെയർമാനായ കമ്മിറ്റിയെ നിയോഗിച്ചിരുന്നു. |
| (ബി) | എങ്കിൽ പ്രസ്തുത കമ്മിറ്റിയുടെ കണ്ടെത്തലുകളും ആയതിന്മേൽ അന്നത്തെയും തുടർന്നുള്ളതുമായ സർക്കാരുകളും സ്വീകരിച്ച നടപടികൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കുമോ; | (ബി) | പാലോളി കമ്മിറ്റി പൊതുവിദ്യാഭ്യാസം, സാമൂഹ്യസുരക്ഷിതത്വം, വിദ്യാഭ്യാസ-ഉദ്യോഗ സംവരണം, തൊഴിലും സാമ്പത്തിക വളർച്ചയും, കാര്യപ്രാപ്തി ആർജ്ജിക്കൽ, സ്കോളർഷിപ്പ്, പശ്ചാത്തല സൗകര്യങ്ങൾ, വഖഫ്, ഭരണ നടപടികൾ എന്നീ മേഖലകളിലായി കണ്ടെത്തലുകൾ നടത്തിയിട്ടുണ്ട്. പാലോളി കമ്മിറ്റി ശിപാർശകൾ നടപ്പിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത റിപ്പോർട്ട് പ്രകാരം നടപ്പിലാക്കിയ കാര്യങ്ങളിൽ മാറ്റം വരുത്തുകയോ മാറ്റം വരുത്തുന്നതിന് ഉദ്ദേശിക്കുകയോ ചെയ്യുന്നുണ്ടോ എന്ന് വിശദമാക്കുമോ; എങ്കിൽ അതിനുള്ള സാഹചര്യം എന്താണെന്ന് വിശദമാക്കുമോ? | (സി) | മുസ്ലീം ന്യൂനപക്ഷങ്ങളുടെ പിന്നോക്കാവസ്ഥ പരിഹരിക്കാൻ നിയമിച്ച സച്ചാർ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് രൂപീകരിച്ച പാലൊളി കമ്മിറ്റിയുടെ ശുപാർശ പ്രകാരം മുസ്ലീം വിഭാഗത്തിന് സ്കോളർഷിപ്പുകൾ ഏർപ്പെടുത്തുകയുണ്ടായി. ഈ ആനുകൂല്യം 100% മുസ്ലീംങ്ങൾക്കാണ് നൽകിവന്നിരുന്നത്. പിന്നീട് സി.എച്ച് മുഹമ്മദ് കോയ സ്കോളർഷിപ്പിൽ ലത്തീൻ ക്രിസ്ത്യൻ/ പരിവർത്തിത ക്രിസ്ത്യാനികൾ എന്നിവരെക്കൂടി ഉൾപെടുത്തുകയും 80:20 എന്ന അനുപാതത്തിൽ സ്കോളർഷിപ്പുകൾ നൽകുകയുമാണ് ചെയ്തുവന്നിരുന്നത്. ബഹു. ഹൈക്കോടതിയുടെ WP(C) No 24355/2020-ലുള്ള 28.05.2021 തീയതിയിലെ വിധിന്യായ പ്രകാരം സ്കോളർഷിപ്പുകളിലെ 80:20 അനുപാതം റദ്ദ് ചെയ്യുകയും ജനസംഖ്യാനുപാതികമായി എല്ലാ ന്യൂനപക്ഷവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് നൽകുന്നതിന് നിർദ്ദേശിക്കുകയുണ്ടായി. ഇതിന്റെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് നൽകിവരുന്ന സ്കോളർഷിപ്പുകൾ ജനസംഖ്യാനുപാതികമായി വിതരണം ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ